LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) (i) പ്രീ-മെട്രിക് സ്കോളർഷിപ്പ്

(ii) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

(iii) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്

(ബി) (i) പ്രീ-മെട്രിക് സ്കോളർഷിപ്പ് 1,61,590.

(ii) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - 48,022

(iii) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് - 2622. (2007-08-ലെ പുതുക്കലും ഉൾപ്പെടെ)

(സി) (i) പ്രീ-മെട്രിക് സ്കോളർഷിപ്പ് - 12,24,04,425 രൂപ

(ii) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - 10,08,72,530 രൂപ

(iii) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് - 3,09,16,162 രൂപ

(ഡി) പ്രീ-മെട്രിക് സ്കോളർഷിപ്പിലെ തുക മുഴുവനും വിതരണം നടത്തിയിട്ടുണ്ട്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 29,917 വിദ്യാർത്ഥികൾക്കായി 5,43,23,900 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 18,105 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ഇ) കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പോസ്റ്റ് മെട്രിക്/മെരിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾക്ക് അപേക്ഷ നൽകിയ എല്ലാ വിദ്യാർത്ഥികൾക്കും പ്രസ്തുത സ്കോളർഷിപ്പുകൾ അനുവദിച്ചിട്ടുണ്ട്. പ്രീ-മെട്രിക് സ്കോളർഷിപ്പിന് ലഭിച്ച 2,22,123 അപേക്ഷകളിൽ 1,61,590 വിദ്യാർത്ഥികൾക്ക് വരുമാനപരിധി അനുസരിച്ച് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

42 (3788) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട കുട്ടികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നൽകുന്ന സ്കോളർഷിപ്പുകൾക്ക് അർഹതയുണ്ടോ ;

(ബി) നിലവിൽ ഇവർക്ക് എന്തെങ്കിലും സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ടോ ;

(സി) പ്രസ്തുത വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നില്ല എന്ന പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവർക്ക് സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി ശുപാർശ അനുസരിച്ചുള്ള മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നീ സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഇത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകൾ നൽകുന്നവർക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ബക്രീദിനും റംസാനും 3 ദിവസം അവധി

43 (3789) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവ് ആർ. റ്റി നമ്പർ 517/83/ഉ.വി. തീയതി 21-3-1983 ആയി കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലുള്ള കോളേജുകൾക്ക് ബക്രീദിനും റംസാനും 3 ദിവസം ഒഴിവ് നൽകണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇത് ഇപ്പോൾ പ്രാബല്യത്തിലുണ്ടോ ;

(സി) ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) മലബാറിലെ സർക്കാർ കോളേജുകൾക്ക് ബക്രീദിനും റംസാനും 3 ദിവസം ഒഴിവ് നൽകിവരുന്നുണ്ട്. പരാമർശിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ഇപ്പോൾ ലഭ്യമല്ല.

കൂടത്തായി ആസാദ് എൽ.പി. സ്കൂളിന്റെ അപ്രൂവൽ

44 (3790) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിശോധന സമയത്ത് കുട്ടികളുടെ എണ്ണക്കുറവുകാരണം തസ്തിക നഷ്ടം വന്നത് പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കൂടത്തായി ആസാദ് മെമ്മോറിയൽ എൽ. പി. സ്കൂൾ മാനേജരുടെ അപേക്ഷ. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly